DESPATCHED
On 25/02/2020

28/01/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.417(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.4718/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. രാജേന്ദ്രൻ കെ.@ ത്രിദണ്ഡി സ്വാമി,
ശ്രീ ചൈതന്യദാസ് ഭാരതി മഹാരാജ്
ശ്രീഭുവനേശ്വരി ടെമ്പിൾ,
കരുവാൻ കല്ല്, കരിപ്പൂർ പി.ഒ.,
കൊണ്ടോട്ടി, മലപ്പുറം – 673 638.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
പള്ളിക്കൽ ഗ്രാമപഞ്ചായത്ത്,
പള്ളിക്കൽ പി.ഒ., മലപ്പുറം – 673 634.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03/02/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07/02/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 23/03/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 25/03/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18/04/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30/05/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 24/10/2019, 27/12/2019, 22/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി – 22/01/2020 |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. രാജേന്ദ്രൻ കെ.@ ത്രിദണ്ഡി സ്വാമി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി 7.02.2015 തീയതി രേഖപ്പെടുത്തിയ മറുപടി ടിയാന് ലഭിച്ചത് 19.3.2015 തീയതിയാണെന്നും എതിർകക്ഷി ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ബോധപൂർവ്വം നൽകാതിരിക്കുകയാണ് ചെയ്തിട്ടുള്ളത് എന്നും എതിർകക്ഷി നൽകിയ മറുപടിയിൽ ഹർജിക്കാരന് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ അപ്പീൽ നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്നും എന്നാൽ മേൽപ്പടി അപ്പീൽ അധികാരിയിൽ നിന്നും ശരിയായ വിവരം കിട്ടുമെന്ന്

ബോധ്യമില്ലാത്തതിനാൽ കമ്മീഷൻ മുമ്പാകെ പരാതി ഹർജി സമർപ്പിക്കുന്നു എന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ബിൽഡിംഗ് നമ്പർ: XI/80 എന്നും ഐ.ഡി.നമ്പർ: 50918010002483 എന്നും നമ്പർ ചെയ്ത കുന്നത്ത് ശ്രീ ഭൂവനേശ്വരി ക്ഷേത്ര ബിൽഡിംഗ് എന്ത് കാരണം കൊണ്ടാണ് നമ്പർ അനുവദിച്ചിട്ടില്ല എന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയത് എന്നും

ii. ബിൽഡിംഗ് നമ്പർ ചെയ്യുന്നതിനു മുമ്പ് എല്ലാ തരത്തിലുള്ള അന്വേഷണം നടത്തിയിട്ടാണോ നമ്പർ ചെയ്തത് എന്ന ചോദ്യത്തിന് ബാധകമല്ല എന്നാണ് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയത് എന്നും എന്താണ് ബാധകമല്ലാത്തതെന്നും

iii. കുന്നത്ത് ശ്രീ ഭൂവനേശ്വരി ക്ഷേത്ര ബിൽഡിംഗിനോട് അനുബന്ധിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും പഞ്ചായത്ത് അധികാരികളുമായി കൂടി ആലോചിച്ച് അവരുടെ ഉപദേശ പ്രകാരം നടത്തിയതും അതു കൊണ്ട് തന്നെ സമയാസമയങ്ങളിൽ പഞ്ചായത്ത് അപേക്ഷകൾ പാസ്സാക്കി ബിൽഡിംഗ് നമ്പർ കൊടുത്ത് റഗുലറൈസേഷനു വേണ്ടി കളക്ടറേറ്റിലേക്ക് അയച്ചിട്ടുള്ളതാണെന്നും എന്നിട്ടും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിനും പഞ്ചായത്ത് രാജ് ആക്ടിനും വിരുദ്ധമായി പ്രവർത്തിച്ചു എന്നു പറയുന്നത് എന്ത് കൊണ്ടാണെന്നും ആരാണ് വിരുദ്ധമായി പ്രവർത്തിച്ചതെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, കുന്നത്ത് ഭുവനേശ്വരീ ക്ഷേത്രം എന്ന പേരിൽ നമ്പർ അനുവദിച്ചിട്ടുണ്ടോ എന്ന ഹർജിക്കാരന്റെ ചോദ്യത്തിനാണ് ഉത്തരം നൽകിയത് എന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 2-ാം ഇനം സംബന്ധിച്ച് ബാധകമല്ല എന്ന ഉത്തരം നൽകിയത് ആയത് 1-ാം ചോദ്യവുമായി ബന്ധപ്പെട്ടതിനാൽ ആയിരുന്നു എന്നും ക്ഷേത്ര നിർമ്മാണത്തിനുള്ള നിയമാനുസൃത അനുമതികൾ ലഭിക്കാതെയാണ് ഹർജിക്കാരൻ ക്ഷേത്ര നിർമ്മാണം നടത്തിയത് എന്നും ആയത് നിയമലംഘനമാണെന്നും പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിന്റെയും ജില്ലാ കളക്ടറുടെയും അനുമതിയില്ലാതെ പ്രവർത്തിച്ച ഒരു ആരാധനാലയമായതിനാൽ അതിനെതിരെ നടപടി എടുത്തിട്ടുണ്ടെന്നും പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിന്റെയും ജില്ലാ കളക്ടറുടെയും അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ആരാധനാലയങ്ങൾക്ക് ഒന്നിനും ഡിമോളിഷൻ നോട്ടീസ് നൽകിയിട്ടില്ല എന്നും നിർമ്മാണം പൂർത്തിയാക്കി പഞ്ചായത്ത് പരിശോധിച്ച് നമ്പർ നൽകിയ കെട്ടിടം ജില്ലാ കളക്ടറുടെ ഉത്തരവില്ലാതെ പൊളിച്ചു നീക്കുവാൻ കെട്ടിട ഉടമയ്ക്ക് കത്ത് നൽകുവാൻ പഞ്ചായത്തിന് അധികാരമുണ്ടെന്നും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം, കേരള പഞ്ചായത്ത് രാജ് ആക്ട് ഇവയുടെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകാവുന്നതാണെന്നും മറ്റുമാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ മറുപടി നൽകിയിരുന്നത് 7.3.2015-ന് ആയിരുന്നു എന്നും എന്നാൽ ക്ലറിക്കൽ എറർ മൂലം 7.2.2015 എന്നാണ് മറുപടിയിൽ രേഖപ്പെടുത്തിയിരുന്നത് എന്നും ആസൂത്രണ പ്രക്രിയയുടെ തിരക്കും പദ്ധതി ഭേദഗതികൾ മൂലവും സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാലും ഹർജിക്കാരന്റെ അപേക്ഷയിന്മേൽ മറുപടി നൽകുന്നതിൽ കാലതാമസമുണ്ടായി എന്നും ആയത് ബോധപൂർവ്വമായിരുന്നില്ല എന്നും ഹർജിക്കാരന്റെ പരാതി ഹർജിയിൽ എതിർകക്ഷി നൽകിയ ഏത് വിവരം സംബന്ധിച്ചാണ് ആക്ഷേപമുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3, 4, 6, 7 എന്നീ ഇനങ്ങൾ സംബന്ധിച്ച് നൽകിയിട്ടുള്ള വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിലാണെന്ന് കാണുന്നു. ഹർജിക്കാരന് നൽകിയിട്ടുള്ള വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് നേരിൽ കണ്ടു ബോധ്യമാകുന്നതിലേയ്ക്കായി ഹർജിക്കാരൻ താത്പര്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട ഫയൽ സൗജന്യമായി പരിശോധിക്കുന്നതിനുള്ള അവസരം എതിർകക്ഷി ഹർജിക്കാരന് നൽകേണ്ടതാണ്.

5. വിവരാവകാശ നിയമപ്രകാരം എസ്.പി.ഐ.ഒ. അപേക്ഷകന് നൽകുന്ന വിവരങ്ങൾ സംബന്ധിച്ച ആക്ഷേപങ്ങൾ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ ചൂണ്ടിക്കാട്ടി ഒന്നാം അപ്പീൽ അപേക്ഷ നൽകുകയാണ് വേണ്ടത്. മേൽപ്പടി അപ്പീൽ തീർപ്പാക്കൽ ഉത്തരവിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ചൂണ്ടിക്കാട്ടി കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയാണ് വേണ്ടതെന്നും ഹർജിക്കാരനെ ഓർമ്മപ്പെടുത്തുന്നു. വിവരാവകാശ നിയമത്തിലെ 18-ാം വകുപ്പു പ്രകാരം എസ്.പി.ഐ.ഒ. സമയബന്ധിതമായി മറുപടി നൽകിയിട്ടില്ലാത്ത സാഹചര്യത്തിലോ തെറ്റായ വിവരമാണ് നൽകിയിട്ടുള്ളതെന്ന് കമ്മീഷന് ബോധ്യമാകുന്ന അവസരത്തിലോ ആണ് എസ്.പി.ഐ.ഒ.യ്ക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ കമ്മീഷന് സാധ്യമാവുക. മറിച്ച് ബന്ധപ്പെട്ട എസ്.പി.എ.ഒ.യ്ക്ക് എന്തെങ്കിലും നിർദ്ദേശം നൽകണമെങ്കിൽ ആയത് വിവരാവകാശ നിയമത്തിലെ 19-ാം വകുപ്പു പ്രകാരമേ സാധ്യമാകു എന്നും ഹർജിക്കാരനെ അറിയിക്കുന്നു.

6. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൺ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us